(ബി) ഈ ഭൂമി ഈ വർഷംതന്നെ അപേക്ഷകർക്ക് പതിച്ചു കൊടുക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) ശ്രീപാദം ഭൂമി പതിച്ചുകൊടുക്കുന്നതിനുവേണ്ടി തയ്യാറാക്കിയ അസൈനബിലം ലിസ്റ്റനുസരിച്ചുള്ള വിസ്തീർണ്ണം 1050—11—790 ഏക്കറാണ്. ഇത്രയും ഭൂമി ഏകദേശം 5430 പേരുടെ കൈവശത്തിലാണ്.

(ബി) അർഹതയുള്ളവർക്ക് ഇത് ഉടനടി പതിച്ചുനൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗിരിജനങ്ങളുടെ വനഭൂമി

821 [1795] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിജനങ്ങൾക്ക് കൃഷിക്കും താമസത്തിനുമായി എത്ര ഹെക്ടർ വൻഭൂമി കേരളത്തിൽ ആകമാനം പതിച്ചുകൊടുത്തിട്ടുണ്ട് ;

(ബി) അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ആദിവാസികളുടെ കൃഷിഭൂമി മറ്റുള്ള ആളുകൾ കൈവശപ്പെടുത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു തടയാൻ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗിരിജനങ്ങളുടെ ഭൂമി അന്യാധീനപ്പെടുത്തുന്നതു തടയുന്നതിനും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനുമായി The Kerala Scheduled Tribes (Restriction on transfer of lands and restoration of Alienated lands) Act 1975. എന്നൊരു നിയമം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഭവനനിർമ്മാണ പദ്ധതികൾക്ക് ലോകബാങ്ക് സഹായം

822 [1797] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഏതെല്ലാം ഭവനനിർമ്മാണ പദ്ധതികൾക്കാണ് ലോകബാങ്ക് സഹായം നൽകാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നത് ;

(ബി) ഇതുമൂലം കേരളത്തിന് കിട്ടുന്ന വായ്പയുടെ വിവരങ്ങളും പദ്ധതികളുടെ ചെലവുവിവരങ്ങളും ഇക്കാര്യത്തിലുള്ള കേന്ദ്രനിലപാടും വ്യക്തമാക്കാമോ ;

(സി) വായ്പ എന്നുമുതൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പട്ടികജാതിക്കാർക്കുവേണ്ടി ഒരു പ്രത്യേക ഭവനനിർമ്മാണ പദ്ധതി ഈ സഹായം കൊണ്ട് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly